പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3393 29/01/2014- ൽ മറുപടിക്ക്

## പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. ആർ. ശെൽവരാജ്:<br>ശ്രീ. എം.എ.വാഹീദ്. | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള പദ്ധതികളിലും, കേന്ദ്രസഹായ പദ്ധതികളിലും ഉൾപ്പെടുത്തി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, സൗജന്യ നിരക്കിൽ ഇൻഷ്വറൻസ് പദ്ധതി, മെച്ചപ്പെട്ട അത്യുൽപ്പാദനശേഷിയുള്ള ഉരുക്കളെ സൃഷ്ടിക്കാൻ വേണ്ടി സൗജന്യമായ ബീജധാനം, ആരോഗ്യസംരക്ഷണത്തിനായി സൗജന്യമായ ധാതുലവണ മിശ്രിതം വിതരണം ചെയ്യുന്ന പദ്ധതി, പരിശീലന പരിപാടികൾ, കുട്ടനാട്/ഇടുക്കി പാക്കേജുകളിലുൾപ്പെടുത്തി എരുമ വളർത്തൽ പദ്ധതി,കിടാരി വളർത്തൽ പദ്ധതി, കൃത്രിമ ബീജദാന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന/നിറവ് പദ്ധതിയിലുൾപ്പെടുത്തി കിടാരി വളർത്തൽ പദ്ധതി, മൃഗചികിത്സാ സേവനങ്ങൾ, പ്രതിരോധ കുത്തിവെയ്പ്പുകൾ എന്നിവ നടപ്പിലാക്കി വരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) ആഭ്യന്തരമായി പാൽ, മാംസം എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതികളുടെയെല്ലാം ലക്ഷ്യം |
| (സി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) 1. പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തി രോഗങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br>2. ജീവൻരക്ഷാ മരുന്നുകൾ, ചികിത്സ ഉടങ്ങിയവ സൗജന്യമായി നൽകി വരുന്നു.<br>3. അകിടുരോഗ നിയന്ത്രണത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

4. കൃത്രിമ ബീജദാനത്തിലൂടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് ബീജം സൗജന്യമായി നൽകി വരുന്നു.

5. കറവപ്പശുക്കൾക്ക് ധാതുലവണവും, വിരമരുന്നും സൗജന്യമായി നൽകി വരുന്നു.

6. ഫാമുകളിലൂടെ നല്ലയിനം പശുക്കുട്ടികളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യു വരുന്നു.

7. തെരഞ്ഞെടുക്കപ്പെട്ട 25 ബ്ലോക്കുകളിൽ രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം ലഭ്യമാക്കി വരുന്നു.

8. പഞ്ചായത്തു തോറും ക്യാമ്പുകൾ സംഘടിപ്പിച്ച് മരുന്നുകൾ സൗജന്യമായി നൽകി വരുന്നു.

9. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ സങ്കരയിനം പശുക്കുട്ടികളെ ശാസ്ത്രീയമായ രീതിയിൽ പരിപാലിക്കുന്നതിന് തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ, ഗോപരിരക്ഷ എന്നിവ സൗജന്യ നിരക്കിൽ നൽകി വരുന്നു.

10. കർഷകർക്കും , പുതിയ സംരംഭകർക്കും ആധുനിക വൈദഗ്ദ്ധ്യ പരിശീലനം നൽകി വരുന്നു.

11. ഗുണനിലവാരമുള്ള കാലിത്തീറ്റ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ഉൽപ്പാദിപ്പിച്ച വിതരണം ചെയ്യു വരുന്നു.

| | |
|---|---|
| (ഡി) പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) പാൽ ഉല്പാദന വർദ്ധനവിനായി നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തന്നെ കേന്ദ്ര സംസ്ഥാന പദ്ധതികളിൽപ്പെട്ട തുടർ പദ്ധതികളാണ്. ഈ സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതി അടങ്കൽ തുക 168.45 കോടി രൂപയായിരുന്നു. ഇത് ഉപധനാഭ്യർത്ഥനയിലൂടെ പുതുക്കി 183.95 കോടി രൂപയായി വർദ്ധിപ്പിച്ചു. പദ്ധതി ഘടകങ്ങൾ പല ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു, |

സെക്ഷൻ ഓഫീസർ